# Telephone conversation between PM and Prime Minister of Canada

April 29, 2020

---

## പ്രധാനമന്ത്രിയും കാനഡ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 29, 2020

പ്രധാനമന്ത്രി, കാനഡയിലെ പ്രധാനമന്ത്രിയായ ശ്രീ ജസ്റ്റിൻ ട്രൂഡോയുമായി ഇന്ന് ഫോൺ സംഭാഷണം നടത്തി.

COVID -19 നെത്തുടർന്ന് നിലവിലുള്ള ആഗോള സാഹചര്യത്തെ സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. ആഗോള ഐക്യവും ഏകോപനവും, വിതരണ ശൃംഖലയുടെ പരിപാലനം കൂടാതെ സഹകരണാടിസ്ഥാനത്തിലുള്ള ഗവേഷണ പ്രവർത്തങ്ങൾ എന്നിവയുടെ പ്രാധാന്യത്തെ അവർ അനുകൂലിച്ചു.

കാനഡയിൽ ഉള്ള ഇന്ത്യൻ പൗരന്മാർക്ക്, പ്രത്യേകിച്ചും വിദ്യാർത്ഥികൾക്ക് നൽകുന്ന സഹനത്തിനും പിന്തുണയ്ക്കും പ്രധാനമന്ത്രി കനേഡിയൻ പ്രധാന മന്ത്രിയോട് നന്ദി അറിയിച്ചു. ഇന്ത്യയിലെ കനേഡിയൻ പൗരന്മാർക്ക് നൽകുന്ന പിന്തുണയെ പ്രധാനമന്ത്രി ട്രൂഡോ അഭിനന്ദിച്ചു.

ഇന്ത്യയിലെ ഫാർമസ്യൂട്ടിക്കൽ മേഖലയിലെ ഉല്പാദനക്ഷമത, ഏറ്റവും മികച്ച രീതിയിൽ, കാനഡ ഉൾപ്പടെയുള്ള ലോകത്തിലെ പൗരന്മാർക്ക് സഹായത്തിനായി ലഭ്യമാകുന്നതാണെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകി.

പകർച്ചവ്യാധിയോട് പൊരുതുന്നതിനുള്ള ആഗോള പരിശ്രമത്തിനു ഫലപ്രദമായ സംഭാവനകൾ നൽകാൻ, പ്രത്യേകിച്ചും COVID -19 നെതിരെയുള്ള വാക്സിൻ അല്ലെങ്കിൽ ചികിത്സാമാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ സാങ്കേതിക രീതികളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിന് ഇന്ത്യയും കാനഡയും തമ്മിലുള്ള പങ്കാളിത്തത്തിന് കഴിയുമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**28 ഏപ്രിൽ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.